പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2747

19.07.2011- ൽ മറുപടിക്ക്

## ഭവനനിർമ്മാണ പദ്ധതികളെ ഏകോപിപ്പിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ:<br>ഡോ. എൻ. ജയരാജ്:<br>ശ്രീ. പി. സി. ജോർജ്ജ്:<br>,, തോമസ് ഉണ്ണിയാടൻ: | | ശ്രീ. കെ. എം. മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന എത്ര ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടു നടത്തുന്ന ഒരു ഭവന പദ്ധതിയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഇതര വകുപ്പുകളുടെ 8 (എട്ട്) ഭവന പദ്ധതികളും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ഭവന നിർമ്മാണ പദ്ധതികൾ എതെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നടപ്പിലാക്കി വരുന്നു.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഇതര വകുപ്പുകളുടെ ഭവന പദ്ധതികൾ താഴെപ്പറയുന്നവയാണ്:<br>1. ഇന്ദിര ആവാസ് യോജന (IAY)<br>2. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി.<br>3. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭവന പദ്ധതി.<br>4. മത്സ്യ വകുപ്പിന്റെ ഭവന പദ്ധതി.<br>5. IHSDP ഭവന പദ്ധതി.<br>6. BSUP ഭവന പദ്ധതി.<br>7. എം. എൻ. ലക്ഷം വീട് പുനരുദ്ധാരണ ഭവന പദ്ധതി.<br>8. സുനാമി പുനരധിവാസ ഭവന പദ്ധതി. |
| (സി) | ഇപ്രകാരം പല പേരുകളിൽ അറിയപ്പെടുന്ന ഭവനനിർമ്മാണ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കർമ്മപദ്ധതി വിഭാവനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) | വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പദ്ധതികളാകയാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി കൂടിയാലോചിച്ചശേഷം മാത്രമേ ഇക്കാര്യം പരിഗണിയ്ക്കാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | നടപ്പു സാമ്പത്തികവർഷം ഭവനനിർമ്മാണ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്? | (ഡി) | നിലവിലുള്ള പദ്ധതികൾക്ക് പുറമേ നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികളും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ